**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 796** **24-02-2022 - ൽ മറുപടിയ്ക്ക്**

**എസ്.സി കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ ഏതൊക്കെ എസ്.സി. കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് വകുപ്പിന്റെ ഫണ്ടുപയോഗിച്ച നടപ്പിലാക്കി വരുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വിശദവിവരങ്ങൾ അറിയിക്കാമോ; | (എ) | കുറ്റ്യാടി മണ്ഡലത്തിൽ മണിയൂർ പഞ്ചായത്തിലെ മീനത്ത്കര എസ്. സി. കോളനി, പാലയാട് എസ്. സി. കോളനി, മൂഴിക്കൽ IHDP കോളനി എന്നി 3 കോളനികളും തിരുവള്ളൂർ പഞ്ചായത്തിലെ വെള്ളൂക്കര എസ്.സി. കോളനി , ഉരുത്തി എസ്. സി. കോളനി എന്നീ 2 കോളനികളും ഉൾപ്പെടെ ആകെ 5 കോളനികളിലാണ്, വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്തെന്നും അവയുടെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും അറിയിക്കുമോ; | (ബി) | മണിയൂർ പഞ്ചായത്ത് 1. മീനത്ത്കര എസ്. സി. കോളനി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2. പാലയാട് എസ്. സി. കോളനി ഭവന പുനരുദ്ധാരണം (31) ടോയിലറ്റുകൾ (11 എണ്ണം) ഫുട്പാത്ത് (2 എണ്ണം) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 3. മൂഴിക്കൽ IHDPകോളനി എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. തിരുവള്ളൂർ പഞ്ചായത്ത് 1. വെള്ളൂക്കര എസ്. സി. കോളനി പദ്ധതി പൂർത്തികരിച്ചു. 2. മലങ്കര എസ്.സി. കോളനി (പ്രളയബാധിത കോളനി) ഭവനപുനരുദ്ധാരണം (24എണ്ണം,) ഇലക്ട്രിഫിക്കേഷൻ (2 എണ്ണം), ടോയിലറ്റ് റിപ്പയർ (10 എണ്ണം) , കിണർ റിപ്പയർ (5 എണ്ണം) , പൊതു കിണർ നവീകരണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. 3. ഉരുത്തി എസ്. സി. കോളനി ഭവനപുനരുദ്ധാരണം (24 എണ്ണം,) ടോയിലറ്റ് റിപ്പയർ (1 എണ്ണം), കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം, കമ്മ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ, സംരക്ഷണഭിത്തി എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 09/09/2021, 18/11/2021 എന്നീ തീയതികളിൽ മന്ത്രിതല അവലോകനയോഗം നടത്തുകയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ, അസി.കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നിർമ്മാണ ഏജൻസികളുടെ യോഗം വിളിച്ച് ചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (സി) | ഏതൊക്കെ ഏജൻസികൾ വഴിയാണ് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നത്; ഇത്തരം ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അറിയിക്കാമോ? | (സി) | ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയോ അല്ലെങ്കിൽ 04/04/2019 ലെ സ.ഉ.(പി)77/2019/ഫിൻ പ്രകാരം നിശ്ചയിച്ചിട്ടുള്ള അംഗീകൃത സർക്കാർ ഏജൻസികൾ മുഖേനയോ ആണ് പദ്ധതികൾ നടപ്പാക്കുന്നത്. നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുമ്പോൾ മുൻപ് സ്വയംപര്യാപ്ത ഗ്രാമം/ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം വീഴ്ച്ച വരുത്തിയിട്ടില്ലാത്ത ഏജൻസികൾക്ക് മുൻഗണന നൽകാറുണ്ട്. നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 18/03/2017-ലെ സ.ഉ.(കൈ) നം.15/2017/ പജപവവിവ, 03.12.2021 ലെ സ.ഉ.(കൈ)നം.54/2021/പജപവവിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ